**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2368** **04-03-2025 - ൽ മറുപടിയ്ക്ക്**

**കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ആലത്തൂർ മണ്ഡലത്തിലെ കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി കിഫ്ബി സ്ഥല പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കിഫ്ബി റെസിഡന്റ് എഞ്ചിനീയർ (Resident Engineer) 04-07-2022 ന് സ്ഥല പരിശോധന നടത്തി ടെക്നിക്കൽ ഒബ്സെർവഷൻ നോട്ട് എസ്.പി.വി.യ്ക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത വർക്ക് ഫോർക്ലോസ് ചെയ്തതിനാൽ അതിനു ശേഷം ടെക്നിക്കൽ ഒബ്സെർവഷൻ നോട്ട് ക്ലോസ് ചെയ്യുകയും ചെയ്തു. |
| (ബി) | പ്രസ്തുത കെട്ടിട നിർമ്മാണത്തിനായുള്ള അഡീഷണൽ ഫിനാൻഷ്യൽ സാങ്ഷൻ നൽകുന്നതിനും പുതിയ കരാർ നൽകുന്നതിനുമുള്ള നടപടികൾ വിശദമാക്കാമോ; | (ബി) | പ്രസ്തുത പ്രവൃത്തിയുടെ റീകാസ്റ്റ് എസ്റ്റിമേറ്റ് പദ്ധതി നിർവ്വഹണ ഏജൻസിയായ കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപറേഷൻ കിഫ്ബിയിൽ സമർപ്പിക്കുകയും, 73,40,926.32/- രൂപയ്ക്ക് പാക്കേജിന് അനുമതി നൽകുകയും ചെയ്തു. റിവൈസ്ഡ് സ്ട്രക്ച്ചറൽ ഡ്രോയിങ് തയാറാക്കി കൊണ്ടിരിക്കുകയാണെന്നും പദ്ധതി നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. ആയത് കിഫ്ബിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് പരിശോധിച്ച ശേഷം അഡീഷണൽ ഫിനാൻഷ്യൽ സാങ്ഷൻ നൽകാവുന്നതാണ്. കൂടാതെ പഞ്ചായത്തിൽ നിന്നും ബിൽഡിംഗ് പെർമിറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി എസ്.പി.വി അറിയിച്ചിട്ടുണ്ട്. ഇവ പൂർത്തിയാക്കുന്ന മുറയ്ക്ക് പദ്ധതി യഥാസമയം ആരംഭിച്ചു പൂർത്തീകരികുന്നതിന് ടെൻഡർ ഉൾപ്പടെയുള്ള നടപടികൾ എസ്.പി.വി.യ്ക്ക് സ്വീകരിക്കാവുന്നതാണ്. |
| (സി) | സാങ്കേതിക തടസ്സങ്ങൾ നീക്കി കെട്ടിട നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (സി) | ടെൻഡർ നടപടി പൂർത്തിയാക്കി കരാർ നൽകി ഒരു വർഷത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതാണ് എന്നും പദ്ധതി നിർവ്വഹണ ഏജൻസി ആയ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപറേഷൻ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ